പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2856

22.06.2012 ൽ മറുപടിയ്ക്ക്

# ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണം

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

എ) നടപ്പു സാമ്പത്തിക വർഷത്തിൽ ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെയും തൊഴിൽദിനങ്ങളുടെയും എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

എ) ഇല്ല

ബി) തൊഴിലുറപ്പ് പദ്ധതിക്കായി 2011-12 -ൽ എത്ര കോടി രൂപയാണ് കേന്ദ്ര ബജറ്റിൽ വകയിരുത്തിയത് എന്നും അതിൽ എത്ര കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചു എന്നും വ്യക്തമാക്കാമോ ;

ബി) 2011-12 ൽ തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര ബഡ്ജറ്റ് വിഹിതം സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല. 2011-12 ൽ 95105.42 ലക്ഷം രൂപ കേന്ദ്രവിഹിതമായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ കുറവാണോ അതോ കൂടുതലാണോ 2011 -12 സാമ്പത്തിക വർഷത്തിൽ ലഭിച്ചത് എന്ന് വ്യക്തമാക്കാമോ; കുറച്ചാണ് അനുവദിച്ചതെങ്കിൽ കൂടുതൽ തുക ലഭിക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

സി) 2011-12 സാമ്പത്തിക വർഷം മുൻവർഷത്തേക്കാൾ കൂടുതൽ തുക ലഭിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ജില്ലകളുടെ ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യാധിഷ്ഠിതമായാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. ആയതിനാൽ മുൻവർഷങ്ങളിൽ കേന്ദ്ര വിഹിതം യഥാസമയം ആവശ്യാധിഷ്ഠിതമായി ലഭിച്ചിട്ടുണ്ട്. 2010-11, 2011-12 വർഷങ്ങളിൽ ലഭിച്ച കേന്ദ്ര വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(രൂ ലക്ഷത്തിൽ)

| | 2010-11 | 2011-12 |
|---|---|---|
| കേന്ദ്ര വിഹിതം | 70423.24 | 95105.42 |

സെക്ഷൻ ഓഫീസർ